(ഇ) കെ.എഫ്.സി. വിതരണം ചെയ്ത തുകയിൽ എന്തു തുക ഇതുവരെ പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 116 കമ്പനികൾ. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) പൂർണ്ണവിവരം ലഭിച്ചിട്ടില്ല. ഇത് ജില്ലാ ഓഫീസുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

(ഇ) കെ.എഫ്.സി. വിതരണം ചെയ്ത തുകയിൽ ഇതുവരെ 69345 ലക്ഷം രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

9 (1730) സംസ്ഥാനത്തെ വ്യവസായ പാർക്കുകൾ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം എത്ര വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എന്നും എവിടെയൊക്കെയാണെന്നും അറിയിക്കുമോ:

(ബി) ഓരോ വ്യവസായ പാർക്കിലും എന്തൊക്കെ സൗകര്യങ്ങളാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വ്യവസായ പാർക്കിനാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുന്ന എല്ലാ മണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(ബി) ഓരോ വ്യവസായ പാർക്കിലും അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വിദ്യുച്ഛക്തി, കിണർ, വാട്ടർടാങ്ക്, പമ്പ് ഹൗസ്, ജലവിതരണ കുഴലുകൾ, ചുറ്റുമതിൽ, മുള്ളുവേലി എന്നിവയാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. വ്യവസായം തുടങ്ങുന്നതിനാവശ്യമായ ഏകജാലക സംവിധാനംവഴി ലൈസൻസ് ലഭിക്കുന്നതിനുവേണ്ട സഹായവും ചെയ്യുന്നതാണ്.

10 (1731) കുണ്ടറ അലിൻഡ്

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ അലിൻഡിന് സംസ്ഥാനത്ത് എത്ര യൂണിറ്റുകളുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly